"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ലയിലെ ബിലാത്തിക്കുളം ബി.ഇ.എം. യു.പി. സ്കൂളിലെ പാർട്ട് ടൈം ജൂനിയർ ഹിന്ദി അധ്യാപികയായ ശ്രീമതി. നിഷ ഗ്രേസ്.കെ യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.10459/2025/GEDN തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-

1. കോർപ്പറേറ്റ് മാനേജർ, സി.എസ്.ഐ. സ്കൂൾസ് ഇൻ മലബാർ & വയനാട്, കോഴിക്കോട് സർക്കാരിലേക്ക് സമർപ്പിച്ച 19/03/2025-ലെ റിവിഷൻ ഹർജി.
2. കോഴിക്കോട് സിറ്റി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/07/2025-ലെ AEOKKC/305/2025-C നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/07/2025, 05/12/2025 എന്നീ തീയതികളിലെ ഡിജിഇ/ 12745/2025-ജി3 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ബിലാത്തിക്കുളം ബി.ഇ.എം. യു.പി. സ്കൂളിലെ പാർട്ട് ടൈം ജൂനിയർ ഹിന്ദി അധ്യാപികയായ ശ്രീമതി. നിഷ ഗ്രേസ് കെ യുടെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതിലേക്കായി ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 21.07.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

<u>2) നേരിൽകേട്ട വേളയിൽ മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

1. മാനേജ്മെന്റിന് കീഴിലുള്ള തലശ്ശേരി ബി.ഇ.എം.പി. ഹൈസ്കൂളിൽ 2022 - 2023 വർഷം ഫുൾടൈം ജൂനിയർ ഹിന്ദി തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് മേൽ സ്കൂളിലെ അധ്യാപകനായ ശ്രീ.ജെയ്സൺ.എം-നെ ചോമ്പാല ബി.ഇ.എം.യു.പി. സ്കൂളിൽ അക്കമൊഡേറ്റ് ചെയ്തതിനെ തുടർന്നാണ് ചോമ്പാല ബി.ഇ.എം.യു.പി സ്കൂളിലെ ജൂനിയർ ഹിന്ദി ടീച്ചർ ആയ ശ്രീമതി. നിഷ ഗ്രേസ്.കെ യെ 24.08.2022 മുതൽ ബിലാത്തിക്കുളം ബി.ഇ.എം.യു.പി.സ്കൂളിലെ പാർട്ട് ടൈം ജൂനിയർ ഹിന്ദി തസ്തികയിൽ മാറ്റി നിയമിച്ചിരുന്നത്.

2. ബിലാത്തികുളം ബി.ഇ.എം.യുപി.സ്കൂളിൽ 17.06.2011 മുതൽ 03.06.2012 വരെ പാർട്ട് ടൈം ജൂനിയർ ഹിന്ദി അധ്യാപകനായി നിയമിക്കപ്പെട്ട ശ്രീ. ഡാനിഷ് റാഫേലിന്റെ നിയമനം അംഗീകരിച്ചിട്ടില്ല. ആയതിനാലാണ് ശ്രീമതി. നിഷ ഗ്രേസ്. കെ-യുടെ നിയമനം കോഴിക്കോട് സിറ്റി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിക്കാതിരുന്നത്.

3. ബിലാത്തികുളം ബി.ഇ.എംയു.പി. സ്കൂളിൽ ശ്രീ. ഡാനിഷ് റാഫേലിന് ശേഷം 04.06.2012 മുതൽ

05.06.2013 വരെ ശ്രീ. ആഷ്ലി ജെറോൾഡ്, 06.06.2013 മുതൽ 31.03.2022 വരെ ശ്രീമതി.ലീല ജെയിൻ മാമ്പൽ എന്നീ അംഗീകൃത അധ്യാപകർ ജോലി ചെയ്തിരുന്നു. ശ്രീമതി. ലീല ജെയിൻ മാമ്പൽ വിരമിച്ച ഒഴിവിലാണ് ശ്രീമതി. നിഷ ഗ്രേസ്.കെ യെ 24.08.2022 മുതൽ നിയമിക്കപ്പെട്ടിരുന്നത് ടിയാൾ 31.05.2023 വരെ മേൽ സ്കൂളിൽ ജോലി ചെയ്തിട്ടുണ്ട്.

4. ടിയാളെ 01.06.2023 മുതൽ പരപ്പനങ്ങാടി ബി.ഇ.എം.ഹൈസ്കൂളിൽ മാറ്റി നിയമിച്ചിട്ടുണ്ട് ആയത് തിരൂരങ്ങാടി ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചിട്ടുണ്ട്.

5. ബിലാത്തികുളം ബി.ഇ.എം.യു.പി.സ്കൂളിലുള്ള ശ്രീമതി. നിഷ ഗ്രേസിന്റെ 24.08.2022 മുതൽ 31.05.2023 വരെയുള്ള നിയമനം അംഗീകരിക്കപ്പെടാത്തതിനാൽ ടിയാൾക്ക് ശേഷം നിയമിതരായ ശ്രീമതി. ബെറ്റ്സി ബാബു (01.06.2023 മുതൽ 05.06.2024 വരെ), ശ്രീമതി. ശിൽപ്പ ജോർജ് (01.06.2024 മുതൽ) എന്നിവരുടെ നിയമനങ്ങളും അംഗീകരിച്ചിട്ടില്ല.

6. ശ്രീ. ഡാനിഷ് റാഫേലിന്റെ 17.06.2011 മുതൽ 03.06.2012 വരെയുള്ള നിയമനം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ പരാമർശിച്ച മുഴുവൻ രേഖകളും ലഭ്യമല്ലാതിരുന്നതിനാൽ അപ്പീൽ സമർപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. മുഴുവൻ രേഖകളും ഉടനെ ലഭ്യമാക്കാമെന്ന് ശ്രീ ഡാനിഷ് റാഫേൽ അറിയിച്ചിട്ടുണ്ട്.

ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ ഉന്നയിച്ച അതേ വാദങ്ങളാണ് ശ്രീമതി. നിഷ ഗ്രേസും ഉന്നയിച്ചത്.

3) <u>ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കുംപ്രകാരം റിപ്പോർട്ട് ചെയ്തു.</u>

ബിലാത്തിക്കുളം ബി.ഇ.എം യു.പി സ്കൂളിൽ ജൂനിയർ ഹിന്ദി പാർട്ട് ടൈം വിത്ത് ഫുൾടൈം ബെനിഫിറ്റോടെ ജോലി ചെയ്തിരുന്ന അധ്യാപികയായ ശ്രീമതി.ലീല ജെയ്ൻ മാമ്പൽ 31-03-2022 ന് വിരമിച്ച ഒഴിവിൽ മാനേജർ ശ്രീമതി.നിഷ ഗ്രേസ് കെ-യെ ജൂനിയർ ഹിന്ദി പാർട്ട് ടൈം അധ്യാപികയായി 24/08/2022 മുതൽ നിയമിച്ച പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ബിലാത്തിക്കുളം ബി.ഇ.എം യു.പി സ്കൂളിൽ 17/06/2011 മുതൽ 03/06/2012 വരെ ജൂനിയർ ഹിന്ദി പാർട്ട് ടൈം ആയി റഗുലർ തസ്തികയിൽ മാനേജർ നിയമിച്ച ശ്രീ.ഡാനിഷ് റാഫേലിന്റെ പ്രസ്തുത കാലയളവിലുള്ള നിയമനം ഇതുവരെ അംഗീകരിച്ചിട്ടില്ല. കൂടാതെ കോഴിക്കോട് സി.എസ്.ഐ മലബാർ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ സീനിയർ അദ്ധ്യാപകരായ ജൂനിയർ ഹിന്ദി പാർട്ട് ടൈം അദ്ധ്യാപകർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച മാസ് പെറ്റീഷനിൽ ഇത് വരെ തീരുമാനം ആയിട്ടില്ല. ആയതിനാൽ ശ്രീമതി.നിഷ ഗ്രേസ് കെ യുടെ നിയമനം അംഗീകരിക്കുവാൻ നിർവാഹമില്ല. ഈ സാഹചര്യത്തിലാണ് ശ്രീമതി.നിഷ ഗ്രേസ് കെ യുടെ 24/08/2022 മുതലുള്ള ജൂനിയർ ഹിന്ദി പാർട്ട് ടൈം അധ്യാപികയായുള്ള നിയമനം നിരസിച്ചത്.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കോഴിക്കോട്

സിറ്റി ഉപജില്ലയിൽപ്പെട്ട ബിലാത്തിക്കുളം ബി ഇ എം യു പി സ്കൂളിൽ ജൂനിയർ ഹിന്ദി പാർട്ട് ടൈം വിത്ത് ഫുൾ ടൈം ബെനിഫിറ്റോടെ ജോലി ചെയ്തിരുന്ന അധ്യാപികയായ ശ്രീമതി. ലൈസമ്മ ജെയ്ൻ മാമ്പൽ 31-03-2022 ന് വിരമിച്ച ഒഴിവിൽ മാനേജർ ശ്രീമതി നിഷ ഗ്രേസ് കെ യെ ജൂനിയർ ഹിന്ദി പാർട്ട് ടൈം അധ്യാപികയായി 24/08/2022 മുതൽ നിയമിച്ചു. ബിലാത്തിക്കുളം ബി ഇ എം യു പി സ്കൂളിൽ 17/06/2011 മുതൽ 03/06/2012 വരെ ജൂനിയർ ഹിന്ദി പാർട്ട് ടൈം ആയി റഗുലർ തസ്തികയിൽ മാനേജർ നിയമിച്ച ശ്രീ.ഡാനിഷ് റാഫേലിന്റെ പ്രസ്തുത കാലയളവിലുള്ള നിയമനം ഇതുവരെ അംഗീകരിച്ചിട്ടില്ല, കൂടാതെ കോഴിക്കോട് സി എസ് ഐ മലബാർ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ സീനിയർ അധ്യാപകരായ ജൂനിയർ ഹിന്ദി പാർട്ട് ടൈം അദ്ധ്യാപകർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച മാസ് പെറ്റീഷനിൽ ഇത് വരെ തീരുമാനം ആയിട്ടില്ല എന്നീ കാരണങ്ങളാൽ നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു.

5) മാസ് പെറ്റീഷൻ സീനിയർ അധ്യാപകരുടെ ലാവണം സംബന്ധിച്ച പരാതി ആണെന്നും ശ്രീമതി നിഷ ഗ്രേസ് കെയുടെ സീനിയർ അധ്യാപകരുടെ നിയമനം അംഗീകരിച്ചാൽ മാത്രമേ ടിയാളുടെ നിയമനം പരിഗണിക്കാൻ കഴിയുകയുള്ളൂ എന്നും ലീൻ ക്രമീകരണം സംബന്ധിച്ച് മാനേജർ ഉത്തരവുകൾ പുറപ്പെടുവിച്ചതായി കാണുന്നില്ല എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) മേൽ സാഹചര്യത്തിൽ, സീനിയർ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീമതി നിഷ ഗ്രേസ് കെ യുടെ 24/08/2022 മുതലുള്ള നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ അംഗീകരിച്ച് നൽകുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ടും അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട് സിറ്റി
കോർപ്പറേറ്റ് മാനേജർ, സി.എസ്.ഐ. സ്കൂൾസ് ഇൻ മലബാർ & വയനാട്, കോഴിക്കോട് - 673001
ശ്രീമതി.നിഷ ഗ്രേസ് കെ, പാർട്ട് ടൈം ജൂനിയർ ഹിന്ദി അദ്ധ്യാപിക, ബി.ഇ.എം യു.പി സ്കൂൾ, ബിലാത്തിക്കുളം, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 24-12-2025 11:11:12
സെക്ഷൻ ഓഫീസർ